"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ കുടുംബ ക്ഷേമ വകുപ്പ് - കൊല്ലം കടയ്ക്കൽ താലൂക്ക് ആശുപത്രിയിൽ നഴ്സിംഗ് ഓഫീസറായി സേവനമനുഷ്ഠിക്കവേ സേവനത്തിൽ നിന്നും വിട്ടു നിന്ന ശ്രീ.ജിതിൻ ജെയിംസിനെ അച്ചടക്ക നടപടിയ്ക്ക് വിധേയമായി സർവ്വീസിൽ പുനഃപ്രവേശിപ്പിക്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബ ക്ഷേമ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.1579/2025/H&FWD തീയതി,തിരുവനന്തപുരം, 06-06-2025

---

പരാമർശം:- 1. ജി.ഒ (പി) നം. 55/2020/H&FWD തീയതി 16.09.2020

2. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 21.10.2024 ലെ ഇ.സി.2- 16390/ 2024/ ആ.വ.ഡ നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കൊല്ലം കടയ്ക്കൽ താലൂക്ക് ആശുപത്രിയിൽ നഴ്സിംഗ് ഓഫീസറായി സേവനമനുഷ്ഠിച്ചിരുന്ന ശ്രീ.ജിതിൻ ജെയിംസ് 21.08.2023 മുതൽ 5 വർഷത്തെ ശൂന്യവേതനാവധി അപേക്ഷ സമർ പ്പിക്കുകയും, അവധി അനുവദിക്കുന്നതിന് മുൻപ് 24.08.2023 പൂർവ്വാഹ്നം മുതൽ സേവനത്തിൽ നിന്നും വിട്ടു നൽക്കുകയും ചെയ്തു. 15 ദിവസത്തിനകം സേവനത്തിൽ തിരികെ പ്രവേശിക്കുവാനുള്ള ജില്ലാ മെഡിക്കൽ ഓഫീസറുടെ നിർദ്ദേശം അപേക്ഷകന് നൽകിയിരുന്നുവെങ്കിലും ആയത് ടിയാൻ പാലിച്ചിരുന്നില്ല. അനധികൃതമായി സർവ്വീസിൽ നിന്നും വിട്ടുനിൽക്കുന്ന ജീവനക്കാരിൽ സർവ്വീസിൽ പുനഃപ്രവേശിക്കുവാൻ സന്നദ്ധത പ്രകടിപ്പിക്കുന്നവർ 06.06.2024 ന് വൈകിട്ട് 5 മണിയ്ക്ക് മുമ്പായി സർവ്വീസിൽ പുനഃപ്രവേശിക്കേണ്ടതാണെന്ന 27.05.2024- ലെ എം2/268/2024/ആരോഗ്യം നമ്പർ സർക്കാർ കത്തിലെ നിർ ദ്ദേശപ്രകാരം തിരികെ സർവീസിൽ പ്രവേശിക്കാൻ 05.06.2024-ൽ ടിയാൻ സന്നദ്ധത പ്രകടിപ്പിച്ചതായും ആരോഗ്യ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പരാമർശം (1) ഉത്തരവ് പ്രകാരമുള്ള അപേക്ഷയും, ബോണ്ടും സമർപ്പിച്ചിട്ടുള്ള സാഹചര്യത്തിൽ നഴ്സിംഗ് ഓഫീസറായ ശ്രീ.ജിതിൻ ജെയിംസിനെ അച്ചടക്ക നടപടിയ്ക്ക് വിധേയമായി സർവ്വീസിൽ പുനഃപ്രവേശിപ്പിക്കാവുന്നതാണെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്തിട്ടുണ്ട്.

**2.** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) ഉത്തരവ് പ്രകാരം നിഷ്കർഷിച്ചിട്ടുള്ള ബോണ്ടിന്റെ അടിസ്ഥാനത്തിൽ, 24.08.2023 പൂർവ്വാഹ്നം മുതൽ സേവനത്തിൽ നിന്നും വിട്ടുനിൽക്കുന്ന കൊല്ലം കടയ്ക്കൽ താലൂക്ക് ആശുപത്രിയിൽ നഴ്സിംഗ് ഓഫീസറായിരുന്ന ശ്രീ.ജിതിൻ ജെയിംസിനെ അച്ചടക്കനടപടിക്ക് വിധേയമായും പരാമർശം (1) സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകൾക്ക് വിധേയമായും സേവനത്തിൽ പുനപ്രവേശിപ്പിക്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. അപേക്ഷകനെതിരെയുള്ള അച്ചടക്കനടപടി താമസംവിനാ പൂർത്തിയാക്കേണ്ടതും പുനപ്രവേശന ഉത്തരവ് കൈപ്പറ്റി 10 ദിവസത്തിനകം അപേക്ഷകൻ സേവനത്തിൽ തിരികെ പ്രവേശിക്കാത്തപക്ഷം നിയമപരമായ

നടപടികൾ പൂർത്തിയാക്കി ടിയാളെ സേവനത്തിൽ നിന്നും പിരിച്ചുവിടുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനും ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ചിത്ര കെ ദിവാകരൻ
ജോയിന്റ് സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
ശ്രീ.ജിതിൻ ജെയിംസ്, മറ്റത്തിൽ ഹൗസ്, മാങ്കൊമ്പ്, ചൊവ്വൂർ.പി.ഒ
(ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖാന്തരം)
ജില്ലാ മെഡിക്കൽ ഓഫീസർ, കൊല്ലം
(ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖാന്തരം)
വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Prijith. G
Date: 06-06-2025 14:10:54
സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു.ആരോഗ്യ വനിതാ ശിശു വികസന വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്